# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**

**പി.ആർ.ഒ./39/256/2018** **2018 നവംബർ 29**

# എം.ജി. വാർത്താക്കുറിപ്പ്

## എം.കോം സൂക്ഷ്മപരിശോധന

നാലാം സെമസ്റ്റർ എം .കോം (സി.എസ്.എസ്.) മേയ് 2018 പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന ഡിസംബർ നാല്, അഞ്ച്, ആറ് തീയതികളിൽ സിൽവർജൂബിലി പരീക്ഷാഭവനിലെ ഇ.ജെ. 5 സെക്ഷനിൽ (റൂം നമ്പർ 226) നടക്കും. വിദ്യാർഥികൾ തിരിച്ചറിയൽ കാർഡ് /ഹാൾടിക്കറ്റുമായി എത്തണം.

## വൈവാവോസി

അഞ്ചാം സെമസ്റ്റർ ബി.എ. പൊളിറ്റിക്കൽ സയൻസ് (റഗുലർ) ഒക്ടോബർ പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വൈവാവോസിയും ഡിസംബർ ആറു മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## എം.എസ്‌സി. സൈബർ ഫോറൻസിക്; സ്‌പോട് അഡ്മിഷൻ ഇന്ന്

പത്തനംതിട്ട സ്റ്റാസ് കോളേജിൽ എം .എസ്‌സി. സൈബർ ഫോറൻസിക് കോഴ്‌സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ് പോട് അഡ്മിഷൻ നടത്തുന്നു . 55 ശതമാനം മാർക്കോടെ ബി .എസ്‌സി. സൈബർ ഫോറൻസിക്/കമ്പ്യൂട്ടർ സയൻസ് /ബി.സി.എ./ബി.എസ്‌സി. ഇലക്‌ട്രോണിക്‌സ്/ബി.എസ്.സി. ഐ.ടി./തത്തുല്യമാണ് യോഗ്യത . യോഗ്യരായവർ ഇന്ന് (നവംബർ 30) രാവിലെ 11ന് കോളേജിൽ എത്തണം. വിവരങ്ങൾക്ക് ഫോൺ : 9446302066, 9447265765, 0468 - 2224785. വെബ്സൈറ്റ്: www.cpas.ac.in

## പി.എച്ച്.ഡി. നൽകി

ഫിസിക്കൽ എജ്യൂക്കേഷനിൽ എ . സെയ്ഫുദീൻ, ഡിയ വർഗീസ് , ബോട്ടണിയിൽ ഡി . ആശ, ലിനി കെ . മാത്യു, കെമിസ്ട്രിയിൽ ജിനി വറുഗീസ് , മരിയ സെബാസ്റ്റ്യൻ , ജയിൻ മരിയ തോമസ് , എസ്. ആഷ, എജ്യൂക്കേഷനിൽ എസ്. സിന്ധു, വി.എസ്. വിദ്യ, സുനിത സൂസൻ ജോസ് , ലത ജോസഫ്, ജി. രാജിനി, സ്റ്റാറ്റിസ്റ്റിക്‌സിൽ ജോസഫ് ജസ്റ്റിൻ റിബെല്ലൊ , ഫിസിക്‌സിൽ കൊണ്ടുംവളപ്പിൽ പ്രജിത് ചന്ദ്രൻ, കെ.ജി. ബിജു, ബയോസയൻസ സി(ബോട്ടണി)ൽ കെ.എസ്. നിധീഷ്, മാത്തമാറ്റിക്‌സിൽ സാബു അഗസ്റ്റ്യൻ എന്നിവർക്ക് പി.എച്ച്.ഡി. നൽകാൻ സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

## എം.ജി.യിൽ പ്രൊഫ. ആർ. നരേന്ദ്രപ്രസാദ് അനുസ്മരണം ഇന്ന്

മഹാത്മാ ഗാന്ധി സർവകലാശാല സ് കൂൾ ഓഫ് ലെറ്റേഴ് സ് സംഘടിപ്പിക്കുന്ന പ്രൊഫ . ആർ. നരേന്ദ്രപ്രസാദ് അനുസ്മരണ സമ്മേളനം ഇന്ന് (നവംബർ 30) നടക്കും. രാവിലെ 11ന് സ് കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന സമ്മേളനം വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് ഉദ്ഘാടനം ചെയ്യും . സിൻഡിക്കേറ്റംഗവും ഡയറക്ടറുമായ ഡോ . കെ.എം.കൃഷ്ണൻ അധ്യക്ഷത

വഹിക്കും. 'മലയാള നാടകവേദി അഭിമുഖീകരിക്കുന്ന പ്രശ് നങ്ങൾ' എന്ന വിഷയത്തിൽ പ്രൊഫ . എം. തോമസ് മാത്യു സ്മാരക പ്രഭാഷണം നടത്തും. കെ.ബി. പ്രസന്നകുമാർ അനുസ്മരണ പ്രസംഗം നടത്തും.

## പ്രളയബാധിത മേഖലകളിലെ പുനർനിർമാണം ലക്ഷ്യമിട്ട് എൻ.എസ്.എസ്. സപ്തദിന ക്യാമ്പുകൾ 21 മുതൽ

**– എം.ജി. സർവകലാശാലയിലെ 227 എൻ.എസ്.എസ്. യൂണിറ്റുകളും 11350 വോളണ്ടിയർമാരും പങ്കെടുക്കും**

പ്രളയക്കെടുതി നേരിട്ട പ്രദേശങ്ങളിലെ ഭവനനിർമ്മാണത്തിനും അടിസ്ഥാന സൗകര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകി നാഷണൽ സർവീസ് സ് കീമിന്റെ സപ്തദിന സ്പെഷൽ ക്യാമ്പുകൾ ഡിസംബർ 21ന് തുടങ്ങും. മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ 227 നാഷണൽ സർവീസ് സ്കീം യൂണിറ്റുകളുടെ നേതൃത്വത്തിലാണ് 'സുകൃതം 2018' എന്ന പേരിൽ ക്യാമ്പ് സംഘടിപ്പിക്കുക.

നവകേരള സൃഷ്ടിക്കുള്ള പ്രളയദുരിതാശ്വാസ -പുനർനിർമാണ പ്രവർത്തനങ്ങളാണ് ക്യാമ്പുകളിലെ പ്രധാന കാര്യപരിപാടി . 11350 എൻ.എസ്.എസ്. വോളണ്ടിയർമാർ ഇതിൽ അണിചേരും . സർവകലാശാലതല ഉദ്ഘാടനം ഡിസംബർ 21ന് വൈകീട്ട് നാലിന് പ്രളയബാധിത പ്രദേശമായ കുമരകത്ത് നടക്കും . ജനകീയ പിന്തുണയോടെ പ്രളയബാധിത പ്രദേശങ്ങളിലെ പുനർനിർമാണ പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയാണ് ലക്ഷ്യമെന്ന് എൻ .എസ്.എസ്. പ്രോഗ്രാം കോ -ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു പറഞ്ഞു. ഡിസംബർ 27 വരെയാണ് ക്യാമ്പ്.

## ചർച്ച ക്ലാസ് മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ നാലിന് 'ഭിന്നശേഷി സംയോജിത ദുരന്ത നിവാരണം ' എന്ന വിഷയത്തിൽ നടത്താനിരുന്ന ഏകദിന ചർച്ച ക്ലാസ്സ് ഡിസംബർ 11ലേക്ക് മാറ്റി . വിശദവിവരത്തിന് ഫോൺ: 9495213248.

**എ. അരുൺ കുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**